# 2025-2026 വർഷത്തെ മതബോധന ശുശ്രൂഷ വാർഷിക റിപ്പോർട്ട്

## മരിയനാട് ഇടവക

കുട്ടികളിൽ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങൾ, മൂല്യങ്ങൾ, ജീവിത മാർഗ്ഗങ്ങൾ എന്നിവ പഠിപ്പിക്കുന്ന പ്രക്രിയയാണ് മതബോധനം. ക്രൈസ്തവ ബോധ്യങ്ങൾ രൂപപ്പെടുത്തുന്നതോടൊപ്പം; നല്ല പെരുമാറ്റ രീതികളും മതബോധന ക്ലാസിൽ പരിശീലിപ്പിക്കുന്നു. ഈ ദൗത്യം മുൻനിർത്തി, 2025–2026 വർഷത്തിൽ മതബോധന സമിതി വിവിധ ആത്മീയ, സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ സജീവവും ഫലപ്രദവുമായ സേവനം നടത്തി. കുട്ടികളുടെ വിശ്വാസജീവിതം ആഴത്തിൽ വളർത്തുകയും കൂട്ടായ്മയും നേതൃത്വബോധവും ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് വിജയകരമായി നടപ്പിലാക്കി. അധ്യാപകരുടെയും കുട്ടികളുടെയും ഏകോപിതമായ സഹകരണമാണ് എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിന് അടിത്തറയായി മാറിയത്.

**ശുശ്രൂഷ ഘടന**

**കൺവീനർ : ശ്രീമാൻ. ഷാജു**

**സെക്രട്ടറി : ശ്രീമതി. റ്റോണ റ്റിറ്റോ**

**ക്യാഷർ : ശ്രീമതി. ലിൻഷ**

**ആനിമേറ്റർ : സി. അൽഫോൺസിയ**

**എക്സിക്യൂടീവ് അംഗങ്ങൾ**

**വർഗ്ഗീസ്, ധന്യ, ബിന്ദു**

**ആകെ അധ്യാപകർ 45**

സമിതിയുടെ നേതൃത്വസംഘം ആത്മാർത്ഥതയോടും ഉത്തരവാദിത്വബോധത്തോടും കൂടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വിജയകരമായി നടപ്പിലാക്കുന്നു.

**പ്രധാന പ്രവർത്തനങ്ങളും നേട്ടങ്ങളും**

**ആത്മീയ പ്രവർത്തനങ്ങൾ**

പുതിയ അധ്യായന വർഷത്തിന്റെ ആരംഭത്തോടനുബന്ധിച്ച് ദിവ്യകാരുണ്യ സന്നിധിയിൽ ഒരു മണിക്കൂർ ആരാധന അധ്യാപകരുടെ നേതൃത്വത്തിൽ ഭക്തിപൂർവ്വം സംഘടിപ്പിച്ചു. ആദ്യകുർബാനയും, സ്ഥൈര്യലേപനവും സ്വീകരിക്കുന്ന കുട്ടികളെ ഒരുക്കുന്നതിനായി മതബോധന അധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസുകളും, കൂദാശകളുടെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്തു. ഒരു മണിക്കൂർ കൊണ്ട് ബൈബിൾ എഴുതി പൂർത്തിയാക്കുന്ന പരിപാടിയിൽ മുതിർന്ന കുട്ടികളുടെ ഉത്സാഹജനകമായ പങ്കാളിത്തം ശ്രദ്ധേയമായി. ഒക്ടോബർ മാസത്തിൽ കൂടുതൽ പ്രാർത്ഥനാജീവിതം വളർത്തുന്നതിനായി കുട്ടികളെ സങ്കീർത്തനങ്ങൾ പഠിക്കാൻ പ്രോത്സാഹിപ്പിച്ചു. ഡിസംബർ 31-ലെ ആരാധനയിലും പുതുവർഷദിന ദിവ്യബലിയിലും അധ്യാപകരുടെയും കുട്ടികളുടെയും സജീവ പങ്കാളിത്തം ഭക്തിപൂർവ്വമായ അന്തരീക്ഷം സൃഷ്ടിച്ചു.

**വിശ്വാസ രൂപീകരണവും സംഘടനാ വളർച്ചയും**

ആദ്യകുർബാന സ്വീകരിച്ച ഏഴാം ക്ലാസ് വരെയുള്ള കുട്ടികളുടെ ആത്മീയ വളർച്ചയ്ക്കായി ലിറ്റിൽ വേ അസോസിയേഷൻ രൂപീകരിച്ചു. മതബോധന ക്ലാസിലെ കുട്ടികളെ ഉൾപ്പെടുത്തി ഒരു ക്വായർ രൂപീകരിച്ചതിലൂടെ കുട്ടികൾക്ക് ആരാധനകളിലും ഇടവക പരിപാടികളിലും സജീവമായി പങ്കെടുക്കാനുള്ള അവസരം ലഭിച്ചു. ഒക്ടോബർ 2-ന് നടന്ന ലീഡേഴ്സിന്റെ ട്രെയിനിംഗ് വഴി കുട്ടികളിൽ നേതൃത്വഗുണങ്ങളും ഉത്തരവാദിത്വബോധവും വളർത്താൻ സഹായകരമായ നിർദ്ദേശങ്ങൾ നൽകി.

## സാംസ്കാരികവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങൾ

ഇടവക തിരുനാളിനോടനുബന്ധിച്ച് ഓഗസ്റ്റ് 9-ന് ഫിദ്യൂസിയ എന്ന പേരിൽ സംഘടിപ്പിച്ച കലാപരിപാടികൾ കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ വളർത്തുന്നതിന് ഒരു മികച്ച വേദിയായിരുന്നു. കൂടാതെ ജൂബിലി 2025 എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികളിൽ നിന്ന് ലേഖന രചനയിലൂടെ അവരുടെ സൃഷ്ടിപരമായ ചിന്താശേഷി വികസിപ്പിച്ചു. മിഷൻ സൺഡേയോടനുബന്ധിച്ച് സംഘടിപ്പിച്ച ഫുഡ് ഫെസ്റ്റും എക്സിബിഷനും കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ മികച്ച അവസരമായി.

## ഇടവക പങ്കാളിത്തവും കൂട്ടായ്മയും

ഇടവക തിരുനാളുകളിലും പ്രധാന ആഘോഷങ്ങളിലും കുട്ടികളുടെ സജീവ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. കുട്ടികൾ പത്ത് വാർഡുകളിലായി മനോഹരമായി ക്രിസ്തുമസ് കരോൾ സംഘടിപ്പിച്ചുകൊണ്ട് ക്രിസ്തുമസ് സന്ദേശം എല്ലാ ഭവനങ്ങളിലേക്ക് എത്തിച്ചു. ഡിസംബർ 30-ന് നടത്തിയ ജൂബിലി സംഗമത്തിൽ ഏകദേശം 120 കുട്ടികളും 15 അധ്യാപകരും പങ്കെടുത്തത് നമ്മുടെ കൂട്ടായ്മയുടെ ശക്തി തെളിയിച്ചു. തിരുനാളിനോടനുബന്ധിച്ച് നടത്തിയ ദിവ്യകാരുണ്യ ആരാധനയിൽ കുട്ടികളും അധ്യാപകരും സജീവമായി പങ്കെടുത്തു.

## സാമൂഹികവും മിഷൻ പ്രവർത്തനങ്ങളും

ഉണ്ണിക്ക് ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി ശേഖരിച്ച സാധനങ്ങൾ അനാഥാലയത്തിൽ എത്തിച്ചു നൽകി, കുട്ടികളിൽ കരുണയും പങ്കിടലും വളർത്തി. മിഷൻ സൺഡേയോടനുബന്ധിച്ച് കുട്ടികൾ തയ്യാറാക്കിയ ബൈബിൾ വചനങ്ങൾ വിശ്വാസികൾക്ക് വിതരണം ചെയ്തു. അത് ആത്മീയ അനുഭവമായി മാറി. ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി അധ്യാപകർ ചോദ്യോത്തരങ്ങൾ തയ്യാറാക്കി കുട്ടികളുടെ ബൈബിൾ അറിവ് വർദ്ധിപ്പിക്കാൻ സഹായിച്ചു.

## അദ്ധ്യാപക സമൂഹത്തിന്റെ ആത്മീയ ജീവിതം

മതബോധന അധ്യാപകരുടെ വിശുദ്ധനായ വിശുദ്ധ ചാൾസ് ബൊറോമിയോയുടെ തിരുനാൾ നവംബർ 9-ന് ഭക്തിപൂർവ്വം ആഘോഷിച്ചു. പ്രത്യേക പ്രാർത്ഥനകളും ആത്മീയ പരിപാടികളും അധ്യാപകരുടെ വിശ്വാസജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തി. തങ്ങളിൽ തെളിയിക്കപ്പെട്ട വിശ്വാസത്തിന്റെ തിരിനാളം കുട്ടികൾക്ക് പകർന്നു കൊടുത്തു.

## ഉപസംഹാരം

2025-2026 അദ്ധ്യാന വർഷം മതബോധന സമിതിക്ക് ആത്മീയവും സാമൂഹികവുമായ നിരവധി നേട്ടങ്ങൾ സമ്മാനിച്ച ഒരു അനുഗ്രഹീത കാലഘട്ടമായിരുന്നു. അധ്യാപകരുടെ സമർപ്പിത സേവനവും ഭാരവാഹികളുടെ കാര്യക്ഷമമായി നേതൃത്വവും കുട്ടികളുടെ സജീവ പങ്കാളിത്തവും ചേർന്നാണ് എല്ലാ പ്രവർത്തനങ്ങളും വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞത്. വിശ്വാസത്തിൽ വളരുന്ന തലമുറ എന്ന ദർശനം സാക്ഷാത്കരിക്കുന്നതിനായി മതബോധന സമിതി ഭാവിയിലും കൂടുതൽ ആത്മാർത്ഥതയോടെ പ്രവർത്തിക്കുമെന്ന പ്രതിജ്ഞയോടെ മുന്നേറുന്നു.